ഇൻഷ്വറൻസ് വകുപ്പിന്റെ നവീകരണം

15 (*15) ശ്രീ. കെ. സി. രാജഗോപാലൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഷ്വറൻസ് വകുപ്പിന്റെ നവീകരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ഇൻഷ്വറൻസ് വകുപ്പ് പുതുതായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ് ;

(സി) പൊതുജനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതികൾ വകുപ്പ് ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ജനറൽ ഇൻഷ്വറൻസ് പൂർണ്ണമായും സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് നൽകുന്നതിന് നിർദ്ദേശം നൽകുമോ ;

(ഇ) ഇൻഷ്വറൻസ് വകുപ്പിൽ ഇപ്പോൾ എത്ര കോടി രൂപയുടെ ബിസിനസ്സാണ് നടക്കുന്നത് ; ഇത് ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) :

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തന നവീകരണവുമായി ബന്ധപ്പെട്ട് വകുപ്പ് പുനഃസംഘടനയ്ക്കും പൂർണ്ണമായ കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കുന്നതിനും ഡബിൾ എൻട്രി അക്കൗണ്ട്സ് സംവിധാനം ഏർപ്പെടുത്തുന്നതിനുമായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഓഫ് ഇൻഡ്യ (ഐ.സി.എ.ഐ.) എന്ന സ്ഥാപനത്തെ സർക്കാർ ഉത്തരവ് ജി.ഒ.(ആർ.ടി.)നമ്പർ 687/10/ധന തീയതി 28-1-2010 പ്രകാരം ചുമതലപ്പെടുത്തുകയും അവരുടെ പ്രവർത്തനം നടന്നു വരികയുമാണ്. കമ്പ്യൂട്ടർവൽക്കരണത്തിനാവശ്യമായ സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിനായി കെൽട്രോണിനെ ചുമതലപ്പെടുത്തുകയും ഹാർഡ്വെയർ വാങ്ങുന്നതിനായി ഇൻഷ്വറൻസ് ഡയറക്ടർ ചെയർമാനും കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയം ഡയറക്ടർ, കേരള ഐ.ടി. മിഷൻ പ്രതിനിധി, ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി, ഇൻഫർമേഷൻ സിസ്റ്റം (ധനകാര്യ വകുപ്പ്) ഡയറക്ടർ എന്നിവർ അംഗങ്ങളായുള്ള ഹൈലെവൽ ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് നടപടികൾ നടന്നു വരികയും ചെയ്യുന്നു. എല്ലാ ജീവനക്കാർക്കും ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള ആദ്യഘട്ട നടപടികൾ ആരംഭിച്ചു കഴിഞ്ഞു. നവീകരണവുമായി ബന്ധപ്പെട്ട് വകുപ്പിന്റെ ആസ്ഥാന കാര്യാലയം വഴുതയ്ക്കാട് ട്രാൻസ് ടവർ കെട്ടിടത്തിലേയ്ക്ക് മാറ്റുകയും ഓഫീസ് പ്രവർത്തനം 25-11-2010 മുതൽ ആരംഭിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇൻഷ്വറൻസ് വകുപ്പ് പുതുതായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ താഴെപ്പറയുന്നു.

1. ധനവർഷ

2. ധനസമൃദ്ധി

3. ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ്

(സി) ആരംഭിച്ചിട്ടില്ല.

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ജനറൽ ഇൻഷ്വറൻസ് പൂർണ്ണമായും ഇൻഷ്വറൻസ് വകുപ്പുവഴി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) 2009-10 സാമ്പത്തിക വർഷങ്ങളിൽ വകുപ്പിൽ 226.42 കോടി രൂപയുടെ ബിസിനസാണ് നടന്നതെന്ന് ഇൻഷ്വറൻസ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കി കാര്യക്ഷമമാക്കിക്കൊണ്ടും പുതിയ പദ്ധതികൾ ആരംഭിച്ചുകൊണ്ടും ഇൻഷ്വറൻസ് വകുപ്പിന് വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കുമെന്നും ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ഗ്രാമരശ്മി പദ്ധതി

16 (*16) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. എൻ. രാജൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗ്രാമരശ്മി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് എത്ര വനിതകൾക്ക് പ്രസ്തുത പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകാനാണുദ്ദേശിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ; ഇതിനായി എത്ര വനിതാ സംഘങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ) ഉണ്ട്. ഭക്ഷ്യസുരക്ഷാ പദ്ധതിയിൽ കീഴിൽ വനിതാ ഗ്രൂപ്പുകൾക്ക് ഭക്ഷ്യസുരക്ഷാ പരിപാടികൾക്കായി ധനസഹായം നൽകുന്ന പദ്ധതിയാണിത്. ധനസഹായമായി 350 ലക്ഷംരൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. ഒരു പശു, രണ്ട് ആട് എന്നിവ 1555 വനിതാ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഒരു യൂണിറ്റിന് 50% ധനസഹായം നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly